DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

16/10/2020

# കാർഷികമേഖലാവാർത്തകൾ

## ശോഭനം 2020- 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗാശുപത്രികളുടെ ഉദ്ഘാടനം

മൃഗസംരക്ഷണവകുപ്പിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗാശുപത്രികളുടെ ഉദ്ഘാടനം ഇന്ന് വൈകിട്ട് 5 മണിക്ക് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി മൃഗാശുപത്രിയിൽ വനം വന്യജീവി മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജു നിർവഹിക്കുന്നു. അതോടൊപ്പം ആദ്യഘട്ടം എന്ന നിലയിൽ മുഴുവൻ സമയം പ്രവർത്തിക്കുന്ന 26 മൃഗാശുപത്രികളുടെ പ്രവർത്തനോദ്ഘാടനവും വിവിധ ജില്ലകളിൽ നടക്കുന്നു. സംസ്ഥാനതല ഉദ്ഘാടനം വകുപ്പിന്റെ http//www.facebook.com/directorahd.kerala.https//www.facebook.com/K.RAJUMinister/live എന്ന ഫെയ്സ്ബുക്കിൽ പേജിൽ ലഭ്യമാണ്.

കോട്ടയം ജില്ലയിൽ **വൈക്കം മൃഗാശുപത്രിയിൽ** 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗ ചികിത്സാ സൗകര്യം ലഭ്യമാകുന്നതാണ്. ആയതിന്റെ പ്രവർത്തനോദ്ഘാടനം ഇന്ന് വൈകിട്ട് 5 മണിക്ക് സംസ്ഥാനതല ഉദ്ഘാടനത്തെ തുടർന്ന് വൈക്കം എം.എൽ.എ സി.കെ. ആശ നിർവഹിക്കും. വൈക്കം നഗരസഭ മുനിസിപ്പൽ

ചെയർമാൻ ബിജു. വി. കണ്ണേഴത്ത് ചടങ്ങിന് അദ്ധ്യക്ഷത വഹിക്കും. കൂടാതെ

കോട്ടയം ജില്ലയിൽ **കാഞ്ഞിരപ്പള്ളി മൃഗാശുപത്രിയിൽ** 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗ ചികിത്സാ സൗകര്യത്തിന്റെ പ്രവർത്തനോദ്ഘാടനം ഇന്ന് വൈകിട്ട് 5 മണിക്ക് സംസ്ഥാനതല ഉദ്ഘാടനത്തെ തുടർന്ന് കാഞ്ഞിരപ്പള്ളി എം.എൽ.എ ഡോ. എൻ.ജയരാജ് നിർവഹിക്കും.

## മുണ്ടകൻ കൃഷി ചെയ്യുന്ന കർഷകരുടെ ശ്രദ്ധയ്ക്ക്

കഴിഞ്ഞ വർഷം പല പാടശേഖരങ്ങളിലും കനത്ത വിളവുനാശം വരുത്തി വെച്ച കരിച്ചിൽ രോഗം മുണ്ടകൻ കൃഷിയിറക്കുന്ന സ്ഥലങ്ങളിൽ കാണാനിടയുണ്ട്. ക്സാന്തോമോണാസ് ഒറൈസ എന്ന ബാക്ടിരിയ മൂലമുണ്ടാകുന്ന കരിച്ചിലിനെതിരെ പ്രതിരോധമെന്ന നിലയിലാണ് ജൈവീക അണുനാശിനിയായ സ്യൂഡോമോണാസ് ഫ്ളൂറസെൻസ് ഉപയോഗിക്കേണ്ടത്. വിതയ്ക്കുമ്പോൾ വിത്ത് പരിചരണത്തിനായി സ്യൂഡോമോണാസ് 1 കിലോഗ്രാം വിത്തിന് 10 ഗ്രാം എന്ന തോതിലാണ് വെള്ളത്തിൽ കുതിർത്ത് ഉപയോഗിക്കേണ്ടത്. വിതച്ച് ഒരു മാസത്തിനു ശേഷം ഏക്കറിന് 1 കിലോഗ്രാം സ്യൂഡോമോണാസ് എന്ന തോതിൽ 20 കിലോഗ്രാം ചാണകപ്പൊടിയിൽ കൂട്ടിക്കലർത്തി പാടത്ത് ഇട്ടു കൊടുക്കേണ്ടതാണ്. വീണ്ടും ഒരു മാസത്തിനുശേഷം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലകളിൽ തളിക്കാവുന്നതാണ്.

ഇലകരിച്ചിൽ ലക്ഷണങ്ങൾ പാടത്ത് കണ്ടു തുടങ്ങുകയാണെങ്കിൽ 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി അതിന്റെ തെളിയൽ 20 ഗ്രാം സ്യൂഡോമോണാസ് കൂടി ചേർത്ത് ഇലകളിൽ തളിക്കുകയാണെങ്കിൽ രോഗത്തിനെ പ്രാരംഭദിശയിൽ തന്നെ പിടിച്ചു നിർത്താൻ സാധിക്കും. മാത്രമല്ല, ബ്ലീച്ചിംഗ് പൗഡർ 2 കിലോഗ്രാം ഒരു ഏക്കറിന് എന്ന തോതിൽ ചെറിയ കിഴികളായി പാടത്ത് പലയിടങ്ങളിലായി നിക്ഷേപിക്കുകയും വേണം. രോഗം രൂക്ഷമായി പാടത്തിന്റെ മറ്റു മേഖലകളിലേക്ക് കരിച്ചിൽ വ്യാപകമായി പടരുകയാണെങ്കിൽ സ്ട്രെപ്റ്റൊസൈക്ലിൻ എന്ന മരുന്ന് 6 ഗ്രാം 30 ലിറ്റർ വെള്ളത്തിൽ കലക്കി സ്പ്രേ ചെയ്യേണ്ടതാണ്.

## റബ്ബർബോർഡ് തീവ്രപ്രചാരണപരിപാടിയെക്കുറിച്ചറിയാൻ കോൾസെന്ററിൽ വിളിക്കാം

ചെറുകിട റബ്ബർ കർഷകർക്കിടയിൽ സ്വയം ടാപ്പിങ്ങും ഇടവേളകൂടിയ ടാപ്പിങ്ങും പ്രോത്സാഹിപ്പിക്കുന്നതിനായി റബ്ബർബോർഡ് ഒരു തീവ്രപ്രചാരണപരിപാടി നടത്തി വരികയാണ്. ഈ വിഷയത്തെക്കുറിച്ചുള്ള കർഷകരുടെ ചോദ്യങ്ങൾക്ക് ഇന്ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 0481 – 2576622.

## കേന്ദ്രാവിഷ്കൃത പദ്ധതി സംരംഭകത്വവികസനവും തൊഴിൽ ഉൽപ്പാദനവും

കേന്ദ്രാവിഷ്കൃത പദ്ധതി സംരംഭകത്വവികസനവും തൊഴിൽ ഉൽപ്പാദനവും പദ്ധതി പ്രകാരം **പൗൾട്രി** വെഞ്ചർ ക്യാപ്പിറ്റൽ**ഫണ്ട്,** കന്നു കുട്ടികളുടെയും മുയലിനെയും സംയോജിത പരിപാലനം, പന്നി വളർത്തൽ, പോത്തു കുട്ടികളുടെ പരിപാലനം, മൃഗാവിശിഷ്ടങ്ങളുടെ നിർമ്മാർജ്ജനവും കന്നു കാലികളുടെ തീറ്റക്കുള്ള സംരക്ഷണ നിർമ്മിതിയും എന്നീ ഉപഘടകങ്ങൾ നടപ്പിലാക്കിവരുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും പദ്ധതിച്ചെലവിന്റെ 33.3 ശതമാനം വരെ സബ്സിഡി ആയും ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ ഉള്ളവർക്ക് 25% വരെ സബ്സിഡിയായും ധനസഹായം ലഭിക്കും. വിശദവിവരങ്ങൾക്ക് ഏറ്റവും അടുത്ത ബാങ്കുമായി ബന്ധപ്പെടുക.

## ഇറച്ചിക്കോഴികൾ വിൽപ്പനയ്ക്ക്

തിരുവനന്തപുരം ജില്ലയിലെ സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി കോർപ്പറേഷന്റെ (കെപ്കോയുടെ) ഉടമസ്ഥതയിലുള്ള ഫാമുകളിൽ വളർത്തിയെടുക്കുന്ന 40 മുതൽ 45 ദിവസം പ്രായമുള്ള ഇറച്ചിക്കോഴികൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. താത്പര്യമുള്ളവർ **0471 – 2478585, 9495000915** എന്നീ നമ്പരുകളിലോ നേരിട്ടോ ബന്ധപ്പെടണമെന്ന് കെപ്കോ മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കൃ

## സഹകരണ സംഘങ്ങളിലെ വായ്പ കുടിശ്ശിക കൃഷിവകുപ്പ് ഉടൻ തിരിച്ചടക്കും

കർഷകരുടെ സഹകരണ സംഘങ്ങളിലെ വായ്പ കുടിശ്ശിക കൃഷിവകുപ്പ് ഉടൻ തിരിച്ചടക്കും. കാർഷിക കടാശ്വാസ കമ്മീഷനിൽ കടം എഴുതിത്തള്ളുന്നതിന് വ്യക്തിഗത അപേക്ഷ നൽകിയ കർഷകരുടെ സഹകരണ സംഘങ്ങളിലെ ബാധ്യത ആണ് കൃഷിവകുപ്പ് ഉടൻ തിരിച്ചടയ്ക്കുന്നത്. കടാശ്വാസ കമ്മീഷന് മുന്നിൽ ബാധ്യത ഇളവിനായി അപേക്ഷ നൽകിയ 263 കർഷകരുടെ വായ്പാ തുകയാണ് സഹകരണ സംഘങ്ങൾക്ക് നൽകുന്നത് എന്ന് കൃഷി വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിന്നും അറിയിച്ചു. പാലക്കാട്, കോഴിക്കോട്, പത്തനംതിട്ട, കണ്ണൂർ, കാസർകോഡ്, ആലപ്പുഴ, എന്നീ ജില്ലകളിൽ കർഷകരുടെ ബാധ്യതയാണ് കൃഷി വകുപ്പ് അടച്ച് തീർക്കുന്നത്. കടാശ്വാസ കമ്മീഷന് മുന്നിൽ ബാധ്യത ഇളവിനായി അപേക്ഷ നൽകിയിട്ടുള്ളവർ അതാതു സഹകരണസംഘങ്ങളും ആയി ബന്ധപ്പെടേണ്ടതാണ്